RN.NO.70681\97.    POSTAL.L.NO. G.KCH.118 /2012- 2014

# ഹാപ്പി വോയ്സ്

## സന്തോഷ ധ്വനി

VOL.24    MARCH    NO.3



## Gujarat Brethren Bible Institute

## Bengal Out Reach Work

ദൈവത്തിന്റെ അളവററ കൃപയാൽ ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ ഈ ബാച്ചിന്റെ പരസ്യപ്രവർത്തനം ഫെബ്രുവരി 11 മുതൽ 23 വരെ വെസ്റ്റ് ബംഗാളിലെ ബർധ്വാൻ ജില്ലയിലും സമീപ പ്രദേശങ്ങളിലും അനുഗ്രഹകരമായി നടത്തുവാൻ കർത്താവ് സഹായിച്ചു.

13 പേരടങ്ങിയ ഒരു ടീമാണ് ഇവിടെ നിന്നും ബംഗാളിലേക്ക് യാത്ര തിരിച്ചത്. ബൈബിൾ സ്കൂളിന്റെ ചരിത്രത്തിൽ ആദ്യമായയാണ് ഇത്രയും ദൂരം യാത്ര ചെയ്ത് പ്രവർത്തനത്തിനായി പോയത്. ദീർഘമാസങ്ങൾക്കു മുമ്പ് തന്നെ ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്തതാണ്. ജി.ബി.ബി.ഐ പൂർവ വിദ്ധ്യാർത്ഥികളും ഇപ്പോൾ ഈ ഭാഗങ്ങളിൽ കർത്താവിന്റെ വേലയിലായിരിക്കു ന്നവരും കൂടാതെ നാല് പ്രാദേശിക സുവിശേഷകൻമാരും ഈ വേലയ്ക്ക് വേണ്ടുന്ന ക്രമീകരണം ചെയ്യുകയും ആദ്യാവസാനം ശുശ്രൂഷയിൽ പങ്കെടുക്കു കയും ചെയ്തു.

നിരവധി അക്രൈസ്തവ ഗ്രാമങ്ങളിൽ പരസ്യമായി പാട്ടുപാടി ദൈവവചനം പ്രസംഗിക്കുവാൻ അവസരം ലഭിച്ചുവെന്നത് ജി.ബി.ബി.ഐ സ്റ്റുഡൻസിന് ഒരു പുതിയ അനുഭവമായിരുന്നു. ആയിരക്കണക്കിനു ലഘുലേഖകളും നൂറുക്കണക്കിനു പുതിയ നിയമങ്ങളും വിതരണം നടത്തുവാനും നിരവധി സഭകളിൽ യോഗങ്ങളിൽ സംബന്ധിപ്പാനും ശുശ്രൂഷിപ്പാനും ഇടയായി.

ഇവിടെയുള്ള ദൈവജനങ്ങളുടെയും സുവിശേഷകൻമാരുടെയും ആത്മാർത്ഥമായ സഹകരണവും പ്രാർത്ഥനയും പ്രോത്സാഹനവും എടുത്തുപറയേണ്ടതാണ്. ഇവർക്ക് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അത്യാവശ്യമാണ്.

ഭൗതിക ആവശ്യങ്ങൾക്കുവേണ്ടി ഭാരപ്പെട്ടുവെങ്കിലും ദൈവം ലജ്ജിപ്പിക്കാനനുവദിക്കാതെ തക്കസമയത്ത് തന്റെ ജനത്തിലൂടെ ആവശ്യങ്ങൾ നിറവേററിത്തന്നു. പ്രാർത്ഥിക്കയും സഹായിക്കയും ചെയ്ത പ്രിയപ്പെട്ടവരോട് നന്ദി അറിയിക്കുന്നു. ദൈവം ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ. തുടർന്നും ജി.ബി.ബി.ഐ യുടെ ശുശ്രൂഷകളെ പ്രാർത്ഥനയിൽ ഓർത്താലും. (SP)


## Pray...Pray...Pray

സുവിശേഷകൻ-എൻ.ജി.ജോൺ-ബറോഡ, കേരളത്തിൽവെച്ചുണ്ടായ റോഡപകടത്തിൽ നിന്നും സുഖം പ്രാപിച്ചു വരുന്നു. കാലിലും മുഖത്തും ഉണ്ടായ പരിക്കുകൾ എത്രയും വേഗം മാറി പൂർണ്ണ ആരോഗ്യത്തോടെ ശുശ്രൂഷയിൽ തുടരാൻ ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക. (സ്വ.ലേ)

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.24. Happy Voice - സന്തോഷ ധ്വനി 2012 NO.3

**പത്രാധിപർ എഴുതുന്നു:-**



# "കമ്മ്യൂണിസ്റ്റുകാരന്റെ സുവിശേഷം"

കേരളത്തിലെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ സെക്രട്ടറി ബഹു. പിണറായി വിജയൻ "യേശു ക്രിസ്തു ഒരു വിപ്ളവകാരി" എന്ന് പരസ്യമായി പ്രഖ്യാപിച്ചതും കമ്മ്യൂണിസ്റ്റുകാരുടെ സംസ്ഥാന സമ്മേളനത്തിൽ യേശു ക്രിസ്തുവിന്റെ ഫോട്ടോ വെച്ചതും ജാതിമത വർണ്ണവർഗ്ഗ വ്യത്യാസമെന്യേ സർവ്വ മലയാളികളിലും വലിയ വാദവിവാദങ്ങൾക്കു വിധേയമാക്കുകയുണ്ടായി.

വിപ്ളവം എന്നതിനു വലിയ പരിവർത്തനം, പെട്ടെന്നുള്ള സമഗ്രമായ പരിവർത്തനം, നിലവിലുള്ള സാമൂഹികഘടനയെ പൂർണ്ണമായി മാററി മറെറാന്നു നടപ്പിലാക്കൽ എന്നീ വിവിധ അർത്ഥങ്ങളാണ് മലയാളത്തിലുള്ളത്. വിപ്ളവകാരി എന്നാൽ വിപ്ളവത്തിനു പ്രേരകമായ ആശയാദർശങ്ങൾ വച്ചു പുലർത്തുകയും പ്രചരിപ്പിക്കയും ചെയ്യുന്നവൻ എന്നാണ് അർത്ഥം. ആ നിലയിൽ യേശുക്രിസ്തു ഒരു വിപ്ളവകാരി എന്ന പിണറായി വിജയന്റെ ആശയം തെറെറന്നു പറയുവാൻ കഴിയുകയില്ല. രക്തരഹിതവും, ശാന്തിപൂർണ്ണവും, തികച്ചും ആത്മികവുമായ വിപ്ളവത്തിലൂടെ യേശുക്രിസ്തു മനുഷ്യ മനസ്സിൽ വിപ്ളവമുണ്ടാക്കി ലോകജനങ്ങളിൽ മാററമുണ്ടാക്കുവാനായി ശ്രമിച്ചു. ആ വിപ്ളവം ഇന്നും തുടരുന്നു. സാധാരണ ലോകരാജ്യങ്ങളിൽ നടക്കുന്ന വിപ്ളവങ്ങൾ നിരപരാധികളും അല്ലാത്തവരുമായ ആയിരക്കണക്കിനു ജനങ്ങളുടെ രക്തം ചൊരിഞ്ഞുകൊണ്ടാണ് നടക്കുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ വിപ്ളവം നിർദ്ദോഷവും നിഷ്ക്കളങ്കവുമായ തന്റെ സ്വരക്തം അവസാനതുള്ളിയും ചൊരിഞ്ഞുകൊണ്ടാണ് വ്യക്തിജീവിതങ്ങളിൽ പരിവർത്തനം ഉണ്ടാക്കിയതും ഇന്നും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതും.

നരഭോജികളെ നരസ്നേഹികളാക്കിയും, ദുർനടപ്പുകാരെ നേർപാതയിൽ കൂടെ നടത്തിയും, ശത്രുക്കളെ മിത്രങ്ങളാക്കിയും, ആശയററ ജീവിതങ്ങൾക്കു ആശ നൽകിയും യേശുക്രിസ്തു രണ്ടായിരം വർഷങ്ങൾക്കു മുമ്പ് തുടങ്ങിയ വിപ്ളവം ഇന്നും അനർഘളമായി ലോകത്ത് നടന്നുകൊണ്ടിരിക്കുന്നു. അതേ യേശു ക്രിസ്തു വിപ്ളവകാരിതന്നെ. അവൻ സമൂഹത്തിൽ മാററം വരുത്തുന്നവൻ തന്നെ. അവനെപ്പോലെ ലോകമനുഷ്യരിൽ സ്വാധീനം ചെലുത്തിയവനും ചെലുത്തുവാൻ കഴിയുന്നവനും ആരുമില്ല. അവന്റെ നാമം മഹത്വപ്പെടു മാറാകട്ടെ.



ഒരു നാസ്തികന്റെ ഒരു വാക്ക് എത്ര വലിയ കോളിളക്കമാണ് സമൂഹത്തിലുണ്ടാക്കിയത്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കൻമാരും, മന്ത്രിമാരും,മാധ്യമങ്ങളും.. എന്നുവേണ്ട എല്ലാവരും യേശുക്രിസ്തുവിന്റെ നാമം പല വട്ടം ഏററു ചൊല്ലി. ദൈവവചന നിറവേറലിന്റെ ഒരു തുടക്കം മാത്രമാണിത്. പൗലോസ് പറയുന്നത് ശ്രദ്ധിക്കുക "എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏററു പറയുകയും ചെയ്യേണ്ടി വരും"(ഫിലി 2:11). അതേ അവസാനത്തിന്റെ ആരംഭമാണ് യേശുക്രിസ്തു വിപ്ളവകാരി എന്ന ബഹു. പിണറായി വിജയന്റെ വാക്ക്.

നമ്മുടെയിടയിൽ ലക്ഷങ്ങൾ മുടക്കിനടത്തുന്ന കൺവെൻഷനുകളിൽ യേശുക്രിസ്തുവിന്റെ നാമം ഇതുപോലെ ചർച്ചാവിധേയമാക്കപ്പെടുന്നുണ്ടോ എന്നു സ്വയപരിശോധന നടത്തുന്നത് നന്നായിരിക്കും. പല കൺവെൻഷനുകളിലും വിശ്വാസികൾ മാത്രമാണ് പങ്കെടുക്കുന്നത്, അല്ലെങ്കിൽ സുവിശേഷം കേട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രമാണ് നടക്കുന്നത്. പല പ്രസംഗകരും അവരുടെ വാക്ചാതുര്യം കാണിക്കാനുള്ള ഒരു വേദിയായി കൺവെൻഷനുകളെ മാററുന്നു. യേശുക്രിസ്തുവിലൂടെ വിപ്ളവം മനുഷ്യ മനസ്സുകളിൽ ഉണ്ടാക്കുവാൻ പ്രസംഗകർക്ക് സാധിക്കുന്നില്ലായെങ്കിൽ ലക്ഷങ്ങൾ മുടക്കിയുള്ള പ്രയത്നം വ്യർത്ഥം.

പല പ്രസ്ഥാനങ്ങളും വ്യക്തികളും സുവിശേഷീകരണത്തെക്കാൾ പ്രാധാന്യത ലൗകികമായ വിഷയങ്ങൾക്കാണ് കൊടുക്കുന്നത്. അതിനുവേണ്ടി എന്തു സഹായം ചെയ്യുവാനും പലരും തയ്യാറാണ്. ഇതിനു ഒരു മാററം വരണം. പാപികൾ ക്രിസ്തുവിങ്കലേക്കു വരട്ടെ. സുവിശേഷം കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുക. വീണ്ടെടുക്കപ്പെട്ട ദൈവജനം മൗനം പാലിച്ചാൽ അവർ ഉൾപ്പെട്ടു നില്ക്കുന്ന സഭകളും സുവിശേഷീകരണത്തിൽ വിഘ്നം വരുത്തിയാൽ ദൈവം കമ്മ്യൂണിസ്റ്റുകാരെക്കൊണ്ട് വായ് തുറപ്പിക്കും. നാം മിണ്ടാതിരുന്നാൽ ദൈവം മറെറാരു സ്ഥലത്തു നിന്നു ഉദ്ധാരണം വരുത്തും. നീയും നിന്റെ കുടുംബവും നശിച്ചുപോകും. അതേ, യേശുക്രിസ്തു വിപ്ളവകാരി എന്ന ഒരു കമ്മ്യൂണിസ്റ്റുകാരന്റെ സുവിശേഷം തികച്ചും സ്വാഗതാർഹം.

**(സൈമൺ പയ്യന്നൂർ)**

## 25-ാം വർഷത്തിലേക്ക്...!!!

ഞങ്ങൾ കർത്താവിന്റെ വേലയോടുള്ള ബന്ധത്തിൽ ഗാന്ധിധാമിലായിട്ട് 25-ാം വർഷത്തിലേക്കു കടന്നിരിക്കുന്നു. ദൈവം തന്നിരിക്കുന്ന ശുശ്രൂഷകൾ എളിയ നിലയിൽ ചെയ്തുവരുവാൻ കർത്താവ് സഹായിച്ചു കൊണ്ടിരിക്കുന്നു. ഞങ്ങളെ ഇതുവരെയും നിലനിർത്തിയ ദൈവത്തിന് നന്ദി കരേററുന്നു. മാത്രമല്ല കഴിഞ്ഞ നാളുകളിൽ ഞങ്ങളെ പ്രർത്ഥനയിൽ ഓർക്കയും സഹായിക്കയും ചെയ്ത എല്ലാ സഭകളോടും വ്യക്തികളോടും നന്ദി അറിയിക്കുന്നു. **(Simon Payyanur)**

# ബ്രദറൺ അഥവാ വേർപാടുകാർ അന്നും ഇന്നും

V.C.Samuel-Kochi

**ആ**ദിമ ബ്രദറൺകാർ തിരുവചനമനുസരിച്ചു മാത്രമാണ് ജീവിച്ചിരുന്നത്. ഒരു വിശ്വാസിക്ക് ആവശ്യമായതെല്ലാം വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. ബ്രദറൺ പ്രസ്ഥാനത്തിന്റെ ഹൃദയവും വേദപുസ്തകമാണ്. വേദപുസ്തകം പലരുടെയും ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. അവരുടെ ഏതു പ്രശ്നത്തിനു പരിഹാരവും വേദപുസ്തകം തന്നെയായിരുന്നു. സ്വതന്ത്രസഭകൾ സ്ഥാപിക്കുവാനുള്ള ദർശനം പുതിയ നിയമത്തിൽ നിന്നും അവർക്കു ലഭിച്ചിരുന്നു. ദൈവവചന മാതൃകയിലുള്ള സഹോദരത്വം പ്രകടമാക്കുകയായിുരുന്നു അന്നുള്ളവരുടെ പ്രധാന ഉദ്ദേശം. കർത്താവിന്റെ ഇഷ്ടം ചെയ്യുക എന്ന ഒരു ലക്ഷ്യം മാത്രമെ അവർക്കുണ്ടായിരുന്നുള്ളു. അവരുടെ കൂട്ടായ്മ ശക്തി എന്നത് അന്യോന്യം സ്നേഹം മാത്രമായിരുന്നുവെന്നത് അവർ വിശ്വസിച്ചിരുന്നു. ഏതു പ്രവൃത്തി ചെയ്യുന്നവരായാലും അവർ ദൈവേഷ്ടവും ദൈവഹിതവും അറിഞ്ഞ് മാത്രം പ്രവർത്തിച്ചിരുന്നു. പരിശുദ്ധാതമാവിന്റെ സാന്നിദ്ധ്യത്തെയും പ്രവർത്തനങ്ങളെയും ബഹുമാനിക്കയും പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ദൈവവചനത്തിലേയ്ക്ക് കൂടുതൽ അവരെ പരിപാലിച്ചു നടത്തിക്കൊണ്ടിരുന്നു. ബ്രദറൺകാരുടെ കൂട്ടായ്മ മധുരതരമായിരുന്നു. അന്യോന്യ സ്നേഹത്തിലും കരുതലിലും അവർ മുന്നിട്ടു നിന്നു. യുവ ഹൃദയങ്ങളിൽ അലതല്ലിയ ഉണർവിന്റെ ഫലമായിരുന്നു ബ്രദറൺ പ്രസ്ഥാനം. ഇന്ന് യുവാക്കൾ അതിനു ഘടക വിരുദ്ധമാണോ എന്നു തോന്നിപ്പോകുന്നു. ലോക സുഖങ്ങളെയും അഡംഭരങ്ങളെയും ഏറെറടുത്ത് ത്യാഗപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നതിന് ദൈവസന്നിധിയിൽ അവരെത്തന്നെ സമർപ്പിച്ചിരിക്കുന്നതായി കാണാമായിരുന്നു. ദൈവത്തോടുള്ള അവരുടെ ഉത്തരവാദിത്വവും കടമയും യാതൊരു തടസ്സവും കൂടാതെതന്നെ പൂർണ്ണമായി പ്രകടമാക്കുന്നതിന് അവർ സന്നദ്ധരായിരുന്നു. ദൈവത്തോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായുള്ള വചന പാരായണം അവർ ചെയ്തിരുന്നു.

വിശ്വാസികളുടെ ഹൃദയയോജിപ്പും ഏകാത്മ യോജിപ്പും ഒരുമിച്ചു കൂടുന്നതിനുള്ള ആഗ്രഹം വളർന്നു വന്നിരുന്നു. കർതൃശുശ്രൂഷ ചെയ്യുന്നതിനും ആരാധിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം അന്വേഷിച്ച വേദപുസ്തകം മാത്ര അവരുടെ മാർഗ്ഗദർശി ആയിരുന്നു. സമുദായങ്ങളിൽ നിന്നും ദൈവവചനസത്യങ്ങളിലേക്കു അപ്പോസ്തല സത്യങ്ങളിലേക്കും ഒരു തിരിച്ചുവരവായിരുന്നന്നുണ്ടായിരുന്നത്.

ആദിമ ബ്രദറൺകാർ യേശു കർത്താവിന്റെ പിന്നാലെപോകുവാൻ തീരുമാനിച്ചവരും ശിഷ്യത്വത്തിന്റെ അർത്ഥവും വ്യവസ്ഥയും പൂർണ്ണമായി പഠിക്കുന്നതിന് തങ്ങളെത്തന്നെ സമർപ്പിച്ചവരുമായിരുന്നു.

➲4



ഇന്നുള്ളവർ അതിനെ കച്ചവടംപോലെയാക്കി. ആത്മാർത്ഥമായി വേലചെയ്യുന്നവർ വളരെ വിരളം. വചന പഠനത്തിന് അശേഷം താത്പര്യമില്ല. പ്രോത്സാഹനം ആർക്കും നല്കുകയുമില്ല.

വേർപാട് പണ്ടുള്ളവരുടെ ജീവിതത്തിലെ അനുഭവമായിരുന്നു. മററുള്ളവരിൽ നിന്നും വ്യത്യസ്തപ്പെട്ടവർ എന്നു ജീവിതം കാണിച്ചതു മൂലം പണ്ടുള്ളവർ നൽകിയ പേരാണ് വേർപാടുകാർ. വേർപാട് ഉപദേശം മററുള്ളവരിൽ നിന്നും വേർപാട് നയിക്കണമെന്നതാണ്. ജീവിതവിശുദ്ധി ആഗ്രഹിച്ചവരാണവർ. യഹോവ ഭക്തനെ തനിക്കുതന്നെ വേർതിരിച്ചിരിക്കുന്നുവെന്നറിവിൻ. നടുങ്ങുവിൻ പാപം ചെയ്യാതിരിപ്പിൻ നിങ്ങളുടെ കിടക്കമേൽ ധ്യാനിച്ചു മൗനമായിരിപ്പിൻ.( സങ്കീ 4:3-4. കർത്താവിനുവേണ്ടി വേർപെട്ട അനുഭവം ബ്രദറൺകാരായ നമുക്കുണ്ടാകട്ടെ. എല്ലാ വിശ്വാസികളോടും സഹോദരത്വം കാണിക്കണം. പണ്ട് സഭായോഗം കഴിഞ്ഞ് എല്ലാവരും സ്തോത്രം പറഞ്ഞ് കൈ കൊടുക്കുന്ന രീതി ഉണ്ടായിരുന്നു. ഇന്ന് ഇതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ബ്രദറൺകാരായ നമുക്കു മടങ്ങി വരവിന്റെ ആവശ്യം ഉണ്ട്. കർത്താവ് വരുവാൻ സമയമടുത്തു. ഇനിയെങ്കിലും പൂർവ്വപിതാക്കൻമാരുടെ വചന പ്രകാരമുള്ള മാതൃക നമുക്കു പിന്തുടരാം. കർത്താവിന്റെ ന്യായാസനത്തിൽ നില്ക്കണമെന്ന വസ്തുത മറക്കാതെ കർത്താവിനെ പ്രസാദിപ്പിച്ചു ജീവിക്കാം.

ഒരുമിച്ചു അപ്പം മുറിയ്ക്കുകയും അന്യോന്യം കൈകൊടുക്കുവാൻ സാധിക്കാത്ത വേർപാടുകാർ ഇന്നുണ്ട്. യോഗത്തിൽ വന്നിരിക്കുമ്പോൾ ബുദ്ധിപൂർവ്വം മാറിയിരിക്കയും യോഗം കഴിഞ്ഞാലുടൻ സ്ഥലം വിടുകയും ചെയ്യും. പലരും പ്രാർത്ഥനാ സമയത്തുതന്നെ അപ്രത്യക്ഷമാകും. പല മൂപ്പൻമാരും സാധുക്കളായ വിശ്വാസികളുടെ ഭവനങ്ങളിൽപോകാറില്ല. ക്ഷേമം അന്വേഷിക്കാറില്ല. മൂപ്പൻ അധികാരം കാണിക്കുന്നവരാകരുത് നന്നായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരുമായിരിക്കണം.

വിശ്വാസികൾ വേർപെട്ടുവന്നുവെങ്കിലും പലതും ഉപേക്ഷിച്ചിട്ടില്ല. ഉപേക്ഷിച്ച പലതും വീണ്ടും സ്വീകരിക്കുന്ന അനുഭവമാണ് ഇപ്പോൾ കണ്ടുവരുന്നത്. അതുകൊണ്ട് കർത്താവ് നമ്മിൽ വസിക്കുവാനും നടുവിൽ നടക്കുവാനും നാം യോഗ്യതയുള്ളവരായിരിക്കണം.(2 കൊ 6-13-14). പൗലോസ് കൊരിന്തിലെ വിശ്വാസികളോട് പറയുന്നതുപോലെ നമ്മോടും പറയുകയാണ് നിങ്ങൾ ഇന്നും ശിശുക്കൾ, നിങ്ങൾ ആത്മികരല്ല പിന്നെയോ ജഢീകർ അവരുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഉള്ളതിനാൽതന്നെ. ഇന്നത്തെ വേർപെട്ട ദൈവജനത്തിന്റെ അവസ്ഥ ശോചനീയമാണ്. നാമും നമ്മുടെ പല സഭകളും ഹാരാനിൽ കിടക്കുകയാണ്. ഒരുമിച്ചുപോയാൽ കലഹമാണ്. ഇതിനു ഒരു മാററം വരണം.

പ്രിയരെ,മോശ വിശ്വാസത്താൽ വേർപെട്ട് പാപത്തിന്റെ താത്ക്കാല ഭോഗം വേണ്ടെന്നുവെച്ച് ദൈവജനത്തോട് കഷ്ടം അനുഭവിക്കുന്നത് വലിയ ധനമായി എണ്ണി. അതേ നമുക്കും ഈ മാതൃക പിന്തുടരാം. ആദിമ ബ്രദറൺ അനുഭവത്തിലേക്കു മടങ്ങി വരാം.

# വിശിഷ്ട മുന്തിരിവള്ളിയോടു കഴുതക്കുട്ടിയെയും കെട്ടും

M.Selvarangam-Trichur

മുന്തിരിയെയും കഴുതയെയുംബന്ധിപ്പിച്ചിരിക്കുന്ന ഒരു വാക്യമാണ്. (ഉല്പ 49:11).എന്തൊരു വിരോധാഭാസം. വേദപുസ്തകത്തിൽ മുന്തിരി യിസ്രായേൽ രാഷ്ട്രത്തിന്റെ ആത്മീയതയെ കാണിക്കുന്നതാണ്. എന്നാൽ കഴുത അശുദ്ധിയുള്ള മൃഗമാണ്. യഥാർത്ഥ ആത്മീയതയ്ക്കു കഴുതയുമായി യാതൊരു ബന്ധവുമില്ല. അതു പുറത്താണ്. പുറജാതികൾ ദൈവാലയത്തിനു വെളിയിലാണ്. അവർ നിത്യ ജീവന് അർഹതയില്ലാത്തവരാണ്. എന്നാൽ യിസ്രായേലിന്റെ അവകാശങ്ങളും വാഗ്ദത്തങ്ങളും ജാതികൾക്കു കൈവരുവാൻ പാകുകയാണ്. ഇതാണ് യാക്കോബ് അരുളിചെയ്ത പ്രവചനത്തിന്റെ രൂപ രേഖ.

മുന്തിരിയും വിശിഷ്ട മുന്തിരിയും. സാധാരണ മുന്തിരിയെപ്പററി ഉല്പ 40:9-ൽ പരാമർശമുണ്ട്. ഇത് എപ്പോഴും ഫലം തരുന്ന മുന്തിരിയല്ല. അതിന്റെ സമയത്തു മാത്രം തളിർക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്നതാണ്. ഇതിന് എബ്രായ ഭാഷയിൽ ഗേഫെൻ എന്നു പറയാറുണ്ട്. മുന്തിരി പലതരമുണ്ടല്ലോ. വെളുത്തതും കറുത്തതും മെലിഞ്ഞതും വിത്തില്ലാത്തതും ഉണ്ട്. വലിപ്പമേറിയതും മധുരമേറിയതുമായ വിവിധങ്ങളായ മുന്തിരികൾ യൂറോപ്യൻ നാടുകളിൽ കാണുവാൻ കഴിയും. പലതരത്തിൽ വലിപ്പത്തിലും ഗുണത്തിലും മുന്തിരികൾ ഉണ്ടെങ്കിലും അതിനെ "വിശിഷ്ട സ്ഥാനത്ത്" നിറുത്തുവാൻ കഴിയുന്നതല്ല.

വേദപുസ്തകത്തിൽ മൂന്നു സ്ഥലങ്ങളിൽ വിശിഷട മുന്തിരിവള്ളിയെപ്പററി പ്രതിപാദിച്ചിരിക്കുന്നു. (1) വിശിഷ്ട മുന്തിരിവള്ളിയോടു കഴുത കുട്ടിയെയും കെട്ടും(ഉല്പ49:11),(2) അതിൽ നല്ല മുന്തിരിവള്ളി നട്ടു(യെശ 5:2),(3). ഞാൻ നിന്നെ വിശിഷ്ട മുന്തിരി വള്ളിയായി നല്ല തൈയായിതന്നെ നട്ടിരിക്കുന്നു(യിര 2:21). ഉല്പ 49:11-ാം വാക്യം മൂല ഭാഷയിൽ ഭാവികാല പ്രയോഗത്തിലാണുള്ളത്. എന്നാൽ സഭാ കാലഘട്ടത്തിൽ നിറവേറുന്നതായിരിക്കകൊണ്ട് കഴുതക്കുട്ടിയെയും കെട്ടുന്നുവെന്ന വർത്തമാനകാലരൂപത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നതായി മനസ്സിലാക്കാം. യെശ 5:2 ഉം യിരമ്യ 2:21 ഉം യിസ്രായേലിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതായി കാണുന്നു. ദൈവം യിസ്രായേലിനെ ശ്രേഷ്ഠ മുന്തിരിവള്ളിയായി ഭൂമിയിൽ നട്ടു. അവർ പ്രതീക്ഷിച്ച രീതിയിൽ അതു ഫലം തന്നില്ല. സാധാരണ മുന്തിരിവള്ളിയുടെ ഫലംപോലും പുറപ്പെടുവിപ്പിക്കുവാൻ അതിനു കഴിഞ്ഞില്ല. പ്രത്യുത കാട്ടുമുന്തിരിങ്ങയാണ് കായ്ച്ചത്.(യെശ 5:2,4). ആകയാൽ തികച്ചും വ്യത്യസ്തമായ ഒന്നിൽ നിന്നാണ് പ്രസാദകരമായ ഫലം പുറപ്പെടുവിക്കുവാൻ ദൈവത്തിന് ഹിതമായത്. അങ്ങനെ ശ്രേഷ്ഠ ഫലം തരുന്നതിനുവേണ്ടി ജനമല്ലാത്തവരെ എന്റെ ജനമെന്നും പ്രിയയല്ലാത്തവളെ

➲6



പ്രിയ എന്നും ദൈവം വിളിക്കുന്നു.(റോമ 9:25).

വിശിഷ്ട മുന്തിരി വള്ളിയുടെ പ്രത്യേകത സമയത്തും അസമയത്തും ഫലം പുറപ്പെടുവിക്കുന്ന വൈശിഷ്ട്യം തന്നെ. ഫലം പുറപ്പെടുവിക്കാത്ത ഒരു സമയം അതിനില്ല എന്നതാണ് അതിന്റെ വിശേഷത. വിശിഷ്ട മുന്തിരിവള്ളിയെ സ്ത്രീലിംഗത്തിലാണ് പറഞ്ഞിരിക്കുന്നത്. എന്നുവെച്ചാൽ വളരെ ഫലം പുറപ്പെടുവിക്കുന്നുവെന്നാണ്. അതു ഭൂമിയിലൊക്കെയും പടർന്നു പന്തലിച്ചും പുഷ്പിച്ചും പെരുകിയിരിക്കുന്ന മനോഹര കാഴ്ച. വിശിഷ്ട മുന്തിരിവള്ളിയുടെ സ്ഥാനത്തു ദൈവത്തിന്റെ വള്ളിയായി ഭൂമിയിലുള്ളത് പുതിയ നിയമ സഭയാണ്. അതിനെ സമയത്തും അസമയത്തും ഫലം പുറപ്പെടുവിക്കുന്ന അവസ്ഥയിലാണ് ദൈവം ആക്കിവെച്ചിരിക്കുന്നത്.(2 തിമൊ 4:2). പുതിയ നിയമ വിശ്വാസികളായ നാം ഓരോരുത്തരും ശ്രേഷ്ഠമായ ഫലമാണ് പുറപ്പെടുവിക്കേണ്ടത്. അതിൽ യിസ്രായേൽ പരാജയപ്പെട്ടപ്പോൾ അതിന്റെ വേലി പൊളിക്കുകയും, മതിൽ ഇടിച്ചു കളയുകയും ശ്രേഷ്ഠ ജാതി ചവട്ടിമെതിക്കപ്പെടുകയും ചെയ്തു. അതിനു ചരിത്രം സാക്ഷി. സ്ഥലം സഭ ശ്രേഷ്ഠ ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ കർത്താവ് പുറത്തുപോകയും നിലവിളക്കു മാററപ്പെടുകയും ചെയ്യും(വെളി 3:19,മത്താ 5:13).

**കഴുതക്കുട്ടിയെയും കെട്ടുന്നു:** കഴുതക്കുട്ടിയെ വിശിഷ്ട മുന്തിരി വള്ളിയോടു കെട്ടിയിരിക്കുന്നുവെന്നല്ല;കഴുതക്കുട്ടിയും വിശിഷ്ട മുന്തിരിവള്ളിയോടു കെട്ടുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. പിതാവാം ദൈവം തന്നെ കഴുതക്കുട്ടിയെ അതിന്റെ സ്താനത്തു നിന്നു കെട്ടഴിച്ചു മഹത്വമാർന്ന മുന്തിരിവള്ളിയോടു ചേർത്തുകെട്ടുന്നു. സാക്ഷാൽ മുന്തിരിയും വിശിഷ്ട മുന്തിരിവള്ളിയും യേശുക്രിസ്തു തന്നെ.(യോഹ 15:1). പിതാവാം ദൈവം നമ്മെ ആകർഷിക്കുകയും പരിശുദ്ധാത്മാവ് പ്രേരിപ്പിക്കയും ചെയ്തിട്ടാണ് ക്രിസ്തുവിനോട് ബന്ധപ്പെട്ടിരിക്കുന്നത്. പരിശുദ്ദാത്മാ സ്നാനത്താലാണ് നാം ക്രിസ്തുവിനോടു ചേർത്തുകെട്ടപ്പെട്ടിരിക്കുന്നത്.(1 കൊ 12:12). പിതാവ് തന്റെ പുത്രനോട് കെട്ടിയ നമ്മെ, മററാർക്കും വേർപ്പെടുത്തു വാൻ അധികാരമില്ല. ഇവിടെ പറയപ്പെടുന്നതു ആൺ കഴുത ക്കുട്ടിയാണ്. സാധാരണയായി ഇതിനെ കഴുത്തു ഒടിച്ചു കളയേണ്ടതാണ്. ഈ കഴുത കുട്ടിയെ വീണ്ടെടുക്കാമെങ്കിലും ദൈവസന്നിധിയിലേക്കു പ്രവേശനമില്ല. ഇത് യാഗ മൃഗവുമല്ല. ഇതിന്റ കുളമ്പും നടപ്പും യോഗ്യമായവയല്ല. കഴുതക്കുട്ടിയായ പുറജാതികൾക്കു കൃപയിലേക്കു യേശുക്രിസ്തു മുഖാന്തരം പ്രവേശനവും ലഭിച്ചിരിക്കുന്നു.(റോമ 5:2). കഴുത കുട്ടിയും വിശിഷ്ഠ മുന്തിരിവള്ളിയുമായുള്ള ശ്രേഷ്ഠ ബന്ധം പഴയനിയമത്തിൽ വലിയ മർമ്മം തന്നെ. വലിയ കയറുകൊണ്ടാണ് കഴുതക്കുട്ടിയെ കെട്ടുന്നത്. ഈ കെട്ടു ശിംശോനെ വലിയ ചങ്ങലകൊണ്ട് ബന്ധിച്ചതിനു തുല്യമാണ്.(ന്യായ 16:21). കഴുത കുട്ടിയുടെ ബന്ധനം യാഗമൃഗത്തെ യാഗപീഠത്തിന്റെ കൊമ്പുകളോളം കയറുകൊണ്ട് കെട്ടിയിരിക്കുന്നതിനു സമമാണ്.(സങ്കീ 118:27). കഴുതക്കുട്ടിയുടെ വിശിഷ്ഠ മുന്തിരിവള്ളിയുമായുള്ള കെട്ടു അത്രമാത്രം സുശക്തമാണ്.

➲7

**വിശിഷ്ടമുന്തിരിവള്ളി... തുടർച്ച.**

അതിന്റെഅവസാനം യാഗമായി വെണ്ണീരായിത്തീരേണ്ടതാണ്.(റോമ 12:1)

ഇവിടെ പറയുന്ന കുട്ടി ആൺ കഴുതകുട്ടിയെന്നു മൂലഭാഷയിൽ കാണുവാൻ കഴിയും. വള്ളിയിൽ കെട്ടിയ കുട്ടിയെപ്പററിയാണ് വിശേഷമായി ചിന്തിക്കുവാനുള്ളത്. ആൺ കഴുതക്കുട്ടി വിശിഷ്ട മുന്തിരി വള്ളിയോടു കെട്ടിയതുകൊണ്ട് അനുസരണവും സൗമ്യതയുള്ളതുമായിത്തീർന്നിരിക്കയാണ്. എന്തൊരു മാററം. ക്രിസ്തുവുമായി ബന്ധിക്കപ്പെട്ടപ്പോൾ നാം ശ്രേഷ്ഠ പ്രഭുക്കൻമാർതന്നെ. അവനുമായുള്ള പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ലോകത്തിൽ ക്രിസ്തുവിന്റെ സൗരഭ്യ വാസനയായി വിശ്വാസി പരിലസിക്കേണ്ടതല്ലയോ.(2 കൊ 2:14,15). മഹോന്നതനായ ക്രിസ്തു കഴുത കുട്ടിയിൻമേൽ ഇരുന്നു യാത്ര ചെയ്തു.(മത്താ 21:4). പ്രയാണം യരുശലേമിലേ ക്കായിരുന്നു. ഒരു ദിശാബോധവും ഇല്ലാതിരുന്ന കഴുത കുട്ടിക്കും വന്നു ലക്ഷ്യവും മാന്യതയും. കഴുതകുട്ടി അലങ്കരിക്കപ്പെട്ടു; അലങ്കാര വസ്ത്രം അതിന്റെ നഗ്നതയ്ക്കു മറയായി. അതിനു വിലയും നിലയും വന്നു. നാം ഇനി ദൂരത്തു നില്ക്കേണ്ടവരല്ല. ദൈവത്തിന്റെ കൃപാവരങ്ങളാൽ നാം അലങ്കരിക്കപ്പെട്ടവരാണ്. കൃപാസനത്തിൽ ചെന്ന് സ്തുതി സ്തോത്ര യാഗങ്ങൾ അർപ്പിക്കുവാനും, അവനെ കീർത്തിക്കുവാനുംവേണ്ടി നാം തിരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിത വർഗ്ഗമാണ്.(1 പത്രോ 2:9). ഈ പദവിയും അവകാശവും ഒരു വിശ്വാസിയും നഷ്ടപ്പെടുത്തികൂടാ. ഹൃദയപരിച്ഛേദനില്ലാത്ത യഥാസ്തിതിക വാദികളെ, നിങ്ങൾ എന്തിനു സഹോദരങ്ങളെ സ്തോത്രം ചെയ്യുന്നതിൽ നിന്നും വിലക്കുന്നത്. നിങ്ങൾ പഥ്യോപദേശത്തിനും വചനത്തിനും ചെവി കൊടുക്കാത്തവരും മെരുങ്ങാത്തവ രുമായ കുറുക്കൻമാരല്ലയോ. വിശിഷ്ഠ മുന്തിരിവള്ളി തിന്നു മിനുങ്ങിയശേഷം, മുന്തിരിവള്ളിയുടെ താഴ്വേർ മാന്തി നശിപ്പിപ്പാൻ ശ്രമിക്കുകയാണ്. സാക്ഷാൽ തോട്ടക്കാരൻ ഈ ക്രൂരത കണ്ട് കുറുക്കൻമാരുടെ കൈയും കാലും തല്ലി ഒടിക്കും. സമയം അതിവിദൂരമല്ല. കർത്താവിൽ പ്രിയ സഹോദരങ്ങളെ, നാം ഇന്നു വെറും കഴുതകളല്ല. കർത്താവിൽ കർമ്മ വീരൻമാരാണ്. നമ്മുടെ പ്രയത്നം കർത്താവിലാകട്ടെ. അതിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരുമായിരിക്കാം.(1 കൊ 15:58).

## ചിന്ത

നമ്മുടെ നല്ല മിത്രവും കടുത്ത ശത്രുവും നമ്മുടെ ചിന്തകൾ തന്നെയാണ്. ഒരു വിശ്വസ്ത സുഹൃത്തിനെക്കാളും പണമിടപാടുക്കാരനെക്കാളും വൈദ്യനെക്കാളും നല്ലകാര്യങ്ങൾ ഇതിന് ചെയ്യാൻ കഴിയും. എന്നാൽ ഒരു ഇഷ്ടികയെക്കാൾ ഹാനി വരുത്തുവാൻ ഇതിനു കഴിയും.

ഫ്രാങ്ക് ക്രാനി

Read... Subscribe... Happy Voice



# പ്രസാദിച്ചാലും ഇല്ലെങ്കിലും

Jessy Benson

അബ്ശാലോം കുമാരനെ ഭയന്ന് ഓടുകയായിരുന്ന ദാവീദ് രാജാവ്, തനിയ്ക്കൊപ്പം ദൈവത്തിന്റെ പെട്ടകവുമായി വന്ന സാദോക്കിനോട് നീ ദൈവത്തിന്റെ പെട്ടകം പട്ടണത്തിലേയക്കു തിരികെ കൊണ്ടുപോക; യഹോവയ്ക്ക് എന്നോടു കൃപ തോന്നിയാൽ അവൻ എന്നെ മടക്കി വരുത്തും.. അല്ല, എനിക്കു നിന്നിൽ പ്രസാദമില്ല എന്നു അവൻ കല്പിക്കുന്നെങ്കിൽ,ഇതാ ഞാൻ ഒരുക്കം അവൻ തനിക്കു ഹിതമാകുംവണ്ണം എന്നോടു ചെയ്യട്ടെ എന്നു പറഞ്ഞു (2 ശമു 15:25-26). നാം ദൈവത്തിന്റെ കയ്യിൽ നന്നും നൻമ കൈക്കൊള്ളുന്നു തിൻമയും കൈക്കൊള്ളരുതോ എന്ന് ഇയ്യോബ് തന്റെ ഭാര്യയോടു പറഞ്ഞതു പോലെ ഇവിടെ നൻമയോ തിൻമയോ എന്തായിരുന്നാലും അത് ദൈവകരങ്ങളിൽ നിന്നും കൈക്കൊള്ളുവാൻ ദാവീദ് സന്നദ്ധനായിരുന്നു.

ദൈവം അനുവദിക്കുന്നതു തിൻമയാണെങ്കിലും അത് ദൈവകരങ്ങളിൽ നിന്നായിരിക്കണമെന്ന് ദാവീദിന് നിർബ്ബന്ധമുണ്ടായിരുന്നു. യിസ്രായേലിനെയും യഹൂദയെയും എണ്ണുക നിമിത്തം ദൈവം മൂന്നു വിധ ശിക്ഷകളിൽ ഒന്നു സ്വയം തിരഞ്ഞെടുക്കുവാൻ ദാവീദിനെ അനുവദിച്ചുകൊണ്ട് ഗാദ് പ്രവാചകനെ അയക്കുകയുണ്ടായി. അന്ന് ദാവീദ് തിരഞ്ഞെടുത്തത് ദൈവത്തിന്റെ കരങ്ങളാൽ ശിക്ഷിക്കപ്പെടുക എന്ന വഴിയായിരുന്നു. നാം യഹോവയുടെ കയ്യിൽതന്നെ വീഴുക അവന്റെ കരുണ വലിയതല്ലോ മനുഷ്യന്റെ കയ്യിൽ ഞാൻ വീഴരുതേ എന്നാണ് ദാവീദ് ഗാദിന് മറുപടി നൽകിയത്. (2 ശമു 20:14). താൻ കുററം ചെയ്തിട്ടുണ്ടെന്നു ബോദ്ധ്യമായാൽ അതിന്റെ ശിക്ഷ ദൈവകരങ്ങളിൽ നിന്നു കൈക്കൊള്ളുവാൻ അവൻ മനസ്സോടെ സമ്മതിച്ചിരുന്നു.

നെബുഖദ്നേസർ രാജാവ് നിർത്തിയ ബിംബത്തെ നമസ്ക്കരിക്കാത്തവരെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയുമെന്ന വിധി പുറപ്പെട്ടപ്പോൾ ശദ്രക് മേശക് അബേദ്നെഗോമാരുടെ തീരുമാനവും ഇപ്രകാരമായിരുന്നു.... അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവൻമാരെ നമസ്ക്കരിക്കയില്ല എന്നു അവൻ അസന്നിഗ്ദമായി പ്രഖ്യാപിച്ചു.(ദാനി 3:17). ദൈവം ഞങ്ങളെ വിടുവിക്കുമെന്നു ഉറപ്പു പറഞ്ഞാൽ ഞങ്ങൾ ദൈവഭാഗത്ത് ഉറച്ചു നില്ക്കാം എന്നൊന്നും അവർ ദൈവമുമ്പാകെ വ്യവസ്ഥ വെച്ചില്ല.

ദൈവം ഞങ്ങളെ വിടുവിച്ചാലും ഇല്ലെങ്കിലും ഞങ്ങളുടെ തീരുമാനം ഇതാണ് എന്നവർ തീർത്തു പറഞ്ഞു. ദൈവം അവരെ വിടുവിച്ചില്ലെങ്കിൽ മാനുഷിക ദൃഷ്ടിയിൽ അതൊരു വലിയ തിൻമയാണ്. എന്നാൽ നൻമയായിരുന്നാലും തിൻമയായിരുന്നാലും അത് ദൈവകരങ്ങളിൽ നിന്ന് കൈക്കൊള്ളുവാൻ അവർ സന്നദ്ധരായിരുന്നു.

➲12

# "ബ്രദറൺ" എന്നറിയപ്പെടുന്നവരുടെ വിശ്വാസാചാരങ്ങൾ

**Thomas.A.Itty** (തുടർച്ച)

## വിശ്വാസാചാരങ്ങൾ.

8. പരിശുദ്ധാത്മ സ്നാനം വിശ്വാസികളുടെ വ്യക്തിപരമായ അനുഭവമല്ല. സഭാ ശരീരത്തിന്റെ രൂപ വത്ക്കരണത്തിനായി പെന്തക്കോസ്ത് നാളിൽ ദൈവം നിവർത്തിച്ച ഒന്നാണിത്. സുവിശേഷങ്ങളിൽ പ്രവചനരൂപേണ കർത്താവു പറഞ്ഞതും ലേഖനങ്ങളിൽ കഴിഞ്ഞ സംഭവുമായി പ്രതിപാദിച്ചിട്ടുള്ളതുമായ പരിശുദ്ധാത്മ സ്നാനം വ്യക്തികൾ പ്രാപിക്കണമെന്നുള്ള ഉപദേശം വചനാനുസൃതമല്ല.

9. രക്ഷ നിത്യ രക്ഷയാണ്. ഒരിക്കൽ രക്ഷിക്കപ്പെടുന്നവർ എന്നേക്കുമായി രക്ഷിക്കപ്പെടുന്നു. അവർ പാപം ചെയ്തു പോകാൻ സാദ്ധ്യതയുണ്ട്. പാപം ചെയ്തുപോയാൽ രക്ഷയുടെ സന്തോഷവും ദൈവത്തോടുള്ള കൂട്ടായ്മയും നഷ്ടപ്പെടും. രക്ഷ നഷ്ടപ്പെടുകയില്ല. അനുതപിച്ചു യഥാസ്ഥാനപ്പെടുമ്പോൾ രണ്ടും തിരികെ കിട്ടും. നിത്യതയിൽ പ്രതിഫലം നല്കുന്നതും രക്ഷിക്കപ്പെട്ടവരുടെ പ്രവൃത്തിക്കനുസരിച്ചാണ്.

10. കർത്താവ് വിശുദ്ധനായിരിക്കായാൽ വിശ്വാസികളും വിശുദ്ധ ജീവിതമുള്ള വരായിരിക്കണം. ജഢീകത്വം ഇങ്ങനെ അശുദ്ധമായതിൽ നിന്നെല്ലാം വേർപ്പെട്ടിരിക്കേണ്ടതാണ്.

11. കർത്താവ് എത്രയും വേഗം വീണ്ടും വരും നിദ്രപ്രാപിച്ച വിശുദ്ധൻമാരുൾപ്പെടെ തന്റെ സഭയെ തന്റെ അടുത്തേയ്ക്കു സ്വീകരിയ്ക്കും. ഏഴു വർഷം തന്നോടു കൂടെ മദ്ധ്യാകാശത്തിൽ ആയിരിക്കും. പിന്നെയും ആയിരം വർഷം കഴിഞ്ഞേ ദുഷ്ടൻമാർ ഉയിർക്കൂ.

12. വിശുദ്ധൻമാർ കർത്താവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കേണ്ടി വരും. അവർ ഭൂമിയിലായിരിക്കുമ്പോൾ ജീവിക്കുകയും പ്രവൃത്തിക്കുകയും ചെയ്തതിനു തക്കവണ്ണം പ്രതിഫലം പ്രാപിക്കും.

13. കർത്താവായ യേശു സകല വിശുദ്ധൻമാരുമായി ഈ ഭൂമിയിലേക്കു വന്ന് ആയിരം കൊല്ലം ദാവീദിന്റെ സിംഹാസനത്തിലിരുന്ന് ഭൂലോകത്തെ ഭരിക്കും. സാത്താൻ ബന്ധിതനായിരിക്കുന്ന ഈ കാലഘട്ടം വളരെയധികം സന്തോഷമായിരിക്കും.

14. ആയിരം ആണ്ടു വാഴ്ചയ്ക്കുശേഷമാണ് വെള്ളസിംഹാസനത്തിൽ ഇരുന്ന് ദുഷ്ടൻമാരുടെമേൽ ശിക്ഷാവിധി പ്രഖ്യാപിക്കുന്നത്. അവരെ രണ്ടാം മരണമാകുന്ന തീയപ്പൊയ്കയിൽ തള്ളിയിടും.

15. വിശുദ്ധൻമാർ നിത്യകാലം ക്രിസ്തുവിനോടുകൂടെ സ്വർഗ്ഗത്തിൽ വസിക്കും.

ഇതിനൊക്കെ എതിരായി പഠിപ്പിക്കുകയും ചെയ്യുന്നവരോടു നമുക്കെങ്ങനെയാണ് കൂട്ടായ്മയുണ്ടാകുക.



# Gujarat Brethren Bible Institute

**Out Reach Work (West Bengal)**

**(11th to 23 February 2012)**

## പ്രാർത്ഥനയ്ക്കു നന്ദി...



ജി.ബി.ബി.ഐ ടീം



സുനോ സുനോ ഭായ്...



വചനം വാങ്ങി വായിക്കുന്നവർ



ജി.ബി.ബി.ഐ ടീമിനെ ശുശ്രൂഷയിൽ സഹായിച്ച ബംഗാളി സുവിശേഷകർ

**Pray for**
**Gujarat Brethren Bible Institute**

# Gujarat Brethren Bible Institute

**VBS** 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഗുജറാത്തിലെ മൂന്നു ജില്ലകളിലെ 15 ഗ്രാമങ്ങളിൽ 15 വി.ബി.എസ് നടത്തുവാനായി ക്രമീകരണം ചെയ്തു വരുന്നു. ഓരോ ഗ്രാമങ്ങളിലും 120 കുഞ്ഞുങ്ങളെ വീതമാണ് പങ്കെടുപ്പിക്കുന്നത്.

**VBS** ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഗുജറാത്തി ഭാഷയിൽ പ്രത്യേകം തയ്യാറാക്കുന്ന ലളിതമായ പുസ്തകമാണ് ഓരോ ഗ്രാമങ്ങളിലും വിതരണം ചെയ്യുക.

**VBS** ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആവശ്യം.

(സൈമൺ പയ്യന്നൂർ)

Pray...Pray...Pray

# Mega Convention

**Place:**
**Ghalkadi Village Ground**

**Date:**
**October 2012.**

**Speaker:**
**Bro.Philip Kutty-Punalur**

**Gospel Music by: Bro.Edwin Paul & Team**

**പ്രത്യേകത:**

വടക്കേയിന്ത്യൻ ബ്രദറൺ സഭകളുടെ ചരിത്രത്തിൽ ആദ്യമായി ജാതിമതഭേദമെന്യേ പതിനായിരം പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്രദറൺ മെഗാ കൺവെൻഷൻ.


**പ്രാർത്ഥിക്കുക**

- നിരവധിപേർ രക്ഷയിങ്കലേക്കു വരുവാൻ
- ശക്തമായ വചനപ്രഘോഷണത്തിനായി ബ്രദർ.ഫിലിപ്പ് കുട്ടിക്ക് കൃപ ലഭിപ്പാൻ.
- അധികൃതരുടെ അനുമതി ലഭിപ്പാൻ.
- അനുകൂലമായ മററ് സാഹചര്യങ്ങൾ ഒരുക്കപ്പെടുവാൻ....

**Organized by:**

**Gujarat Brethren Bible Institute.**





# ഗാനക്വിസ്. 142



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഏപ്രിൽ 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. ശക്തി സുഖം ധനം എല്ലാം സർവ്വ-**
**ശക്തൻ നിന്നെ വിളിച്ചിടുന്ന കാലം..**

**ഗാനക്വിസ് 141-ന്റെ ഉത്തരവും വിജയികളുടെ പേരുകളും...**

**കർത്താവ് ഞങ്ങൾക്കു സങ്കേതമാണെന്നും**
**ശാശത ദൈവമെന്നും എന്നാൽ..**
**രചയിതാവ്:- പി.പി.ജോർജ്ജ്**

1. M.V.Samuel-Tiruvalla
2. Thankamma Varghese-Edayaranmula
3. Kunjamma Benny-Pathanapuram
4. Jolly Samuel-Kochi
5. T.Lilly Poulose-Secunderabad
6. Victoria George-Trichur
7. Maggi Simon-Peramanagalam
8. Annamma Mathew-Pathanapuram
9. V.Jose-Panayur
10. Saramma Samuel-Eraviperoor
11. John Benjamin-Chepra
12. Mariamma Thomas-Kunnamthanam
13. Omana Varghese-Jabalpur

## യേശുക്രിസ്തു

എന്റെ ദീർഘ വർഷത്തെ ഗവേഷണത്തിന്റെയും പഠനത്തിന്റെയും ഫലമായി ഞാൻ ഒരു കാര്യം മനസ്സിലാക്കി, യേശുക്രിസ്തു ലോകത്തിന്റെ രക്ഷിതാവു മാത്രമല്ല എന്റെ കൂടി രക്ഷിതാവാണ്.

-ജനറൽ ലൂവാസ്

വിശ്വാസത്തെ നിലനിർത്താൻ വേണ്ടി ക്രിസ്തുവിന്റെ മഹാത്ഭുതങ്ങൾ നിലനിർത്തേണ്ട ആവശ്യം ഒരു ക്രിസ്ത്യാനിക്ക് ഇല്ല. കാരണം ക്രിസ്തുതന്നെയാണ് മഹാത്ഭുതം. -റെയ്മണ്ട് ഫ്ളെററർ.

**പ്രസാദിച്ചാലും...**

ദൈവം എന്നെ അനുഗ്രഹിച്ചാൽ ഞാൻ ഇതൊക്കെയും അവനുവേണ്ടി ചെയ്യാമെന്ന് ദൈവമുമ്പാകെ വ്യവസ്ഥ വെക്കുന്ന നമ്മുടെ ആത്മീയ നിലവാരം തിരുവചനം അനുശാസിക്കുന്ന നിലവാരത്തിൽ നിന്നും എത്രയോ അകലെയാണ്. നമ്മുടെ ദൈവമായ യഹോവയുടെ വാക്ക് ഗുണമായാലും ദോഷമായാലും ഞങ്ങൾ കേട്ടനുസരിക്കും എന്നു പറയുവാൻ നമുക്കു കഴിയുമോ ?(യിരമ്യ 42:6). ദൈവം ഞങ്ങളെ വിടുവിച്ചാലും ഇല്ലെങ്കിലും ഞങ്ങൾ ദൈവിക പ്രമാണങ്ങൾ മറികടന്നുപോകയില്ലെന്നു പറയുവാൻ നമുക്കു കഴിയുമോ ? ദാവീദിനെപ്പോലെ, ഇയ്യോബിനെപ്പോലെ, ശദ്രക്, മേശക്, അബേദ്നെഗോയെപ്പോലെ ദൈവകരങ്ങളിലേക്കു നമ്മെതന്നെ വ്യവസ്ഥ കൂടാതെ ഏല്പിച്ചുകൊടുക്കുവാൻ നമുക്കു കഴിയുമോ?

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി


**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906


**Annual Subscription;-**

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;


SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in


OR

SIMON PAYYANUR
A/c .NO.10316650005
IFSC Code: SBIN0000373.

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ജി.ബി.ബി.ഐ യുടെ ഒരു വർഷ കോഴ്സിന്റെ 10--ാമത്തെ ബാച്ചിന്റെ ക്ളാസ്സുകൾ 10-ാം മാസത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. മാർച്ചിൽ ഭോപ്പാലിൽ നിന്ന് ഒരു സഹോദരൻ പഠിപ്പിക്കുവാനായി കടന്നു വരും. മാത്രമല്ല ഈ മാസം 23 മുതൽ 25 വരെ ജി.ബി.ബി.ഐ പൂർവ്വ വിദ്ധ്യാർത്ഥി സമ്മേളനവും 10-ാം ബാച്ചിന്റെ ഗ്രാജുവേഷനും നടക്കും. ദൈവജനങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

Gujarat Brethren Bible Institute
Plot.No.147,Sector.7
Gandhidham.370201.Kutch.Gujarat.

**Pray...Pray...Pray**

# Gujarat Brethren Bible Institute

## ALUMNI GET TOGETHER
## &
## GRADUATION CEREMONY
## (10th batch)

**Date: 23,24,25 March 2012.**

**Place: GBBI Campus**

**Speakers:**

**Bro: C.M.Jacob-Sharjah**

**Bro.Tigi Thomas-Sharjah**

**Gospel Music by: Edwin Paul-Faridabad**